ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 12673/KL(AC)A1/2023/Leg.(vol-III)

തിരുവനന്തപുരം,
21.09.2023.

## ക്വട്ടേഷൻ നോട്ടീസ്

നിയസഭാ സമുച്ചയത്തിൽ 2023 നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവുമായി ബന്ധപ്പെട്ട്, ഉള്ളടക്കം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കുടിവെള്ള വിതരണം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ 30.09.2023 വൈകിട്ട് 3.00 മണിക്ക് മുമ്പായി കൺവീനർ & ജോയിന്റ് സെക്രട്ടറി അക്കോമഡേഷൻ, ട്രാൻസ്പോർട്ടേഷൻ & ഫുഡ് കമ്മിറ്റി - നിയമസഭാ സെക്രട്ടേറിയറ്റിന് എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകിട്ട് 3.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. 30.09.2023 അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകിട്ട് 3.00 മണി വരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകിട്ട് 3.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "അന്താരാഷ്ട്ര പുസ്തകോത്സവം - കുടിവെള്ള വിതരണം നടത്തുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വാട്ട് ചെയ്യുന്ന നിരക്ക് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കണം. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടേറിയറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കൺവീനറെ ബന്ധപ്പെടേണ്ടതാണ്.

സുനിൽകുമാർ എസ്.,
കൺവീനർ & ജോയിന്റ് സെക്രട്ടറി
അക്കോമഡേഷൻ, ട്രാൻസ്പോർട്ടേഷൻ & ഫുഡ് കമ്മിറ്റി
ഫോൺ നമ്പർ :0471-2512206, 0471-2512017

# കുടിവെള്ള വിതരണത്തിനുള്ള ടെണ്ടർ വ്യവസ്ഥകൾ

1) ISI നിലവാരമുള്ളതും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതവുമായ കുടിവെള്ളമാണ് വിതരണം ചെയ്യേണ്ടത്.

2) കുടിവെള്ള ഡിസ്പെൻസറുകൾ സ്റ്റാന്റുകൾ സഹിതം ഏകദേശം 12 എണ്ണം ലഭ്യമാക്കണം.

3) പരിപാടി നടക്കുന്ന എല്ലാ ദിവസങ്ങളിലും രാവിലെ 60 ക്യാൻ കുടിവെള്ളം വരെ ലഭ്യമാക്കാൻ കഴിയണം.

4) കുടിവെള്ളം സ്റ്റോക്ക് തീരുന്നതിനനുസരിച്ച് ഉടനെ ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കണം.